ചെറുകഥ:

# - പ്ലാറ്റ്ഫോം -

ജോലിസ്ഥലത്തേക്ക് പോകുവാൻ ഷെർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിൽക്കുമ്പോഴാണ് പ്രാർത്ഥന എന്ന പെൺകുട്ടി ആ യുവാവിനെ കാണുന്നത്. ചുരുണ്ട മുടി, വെളുത്ത നിറം, വട്ട കണ്ണട, കട്ടിയുള്ള താടിയും മീശയും തോളിൽ ഒരു ബാഗ്. അയാൾ റയിൽവേ ഗേറ്റ് കടന്നുവരുന്നത് പ്രാർത്ഥനയുടെ ശ്രദ്ധയിൽ പെട്ടു. എന്തോ പിറുപിറുത്തു കൊണ്ടാണ് അയാൾ വരുന്നത്. ചിലപ്പോൾ ജോലി സ്ഥലത്തെ ബുദ്ധിമുട്ടാകാം അല്ലെങ്കിൽ ജീവിത പ്രശ്നങ്ങളാവാം അവൾ മനസ്സിൽ ഊഹിച്ചു.

അപ്പോൾ സമയം 7 മണി. അകലെ നിന്നും ട്രെയിനിന്റെ ചൂളം വിളി കേൾക്കാം. ആ ശബ്ദം അടുത്തെത്തിക്കൊണ്ടിരിക്കുന്നു. അപ്പോഴേക്കും നേത്രാവതി എക്സ്പ്രസ്സ് അടുത്തെത്തിക്കഴിഞ്ഞു. തിരക്കൊഴിഞ്ഞ കമ്പാർട്ട്മെന്റ് നോക്കി ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ നിന്ന് നേരെ s2 കമ്പാർട്ട്മെൻറ് ലക്ഷ്യമാക്കി അവൾ ഓടി. ടെയിന്റെ ബോഗികൾ കൺമുന്നിലൂടെ ദ്രുതവേഗതയിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു. ആളൊഴിഞ്ഞ കമ്പാർട്ട്മെന്റ് നോക്കി കണ്ണുകൾ പായിച്ചു. അവസാനം അല്പം തിരക്കൊഴിഞ്ഞ കമ്പാർട്ട്മെന്റ് പ്രാർത്ഥനയുടെ കണ്ണിലുടക്കി. ട്രെയിൽ ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ വന്നു നിന്നു.

ഓടിക്കിതച്ചെത്തിയ പ്രാർത്ഥന വേഗം ടെയിനിൽ കയറിപ്പറ്റാൻ തിടുക്കം കൂട്ടി. തിക്കും തിരക്കുമായി അന്യസംസ്ഥാന തൊഴിലാളികൾ പിറകെ. ഒരു വിധത്തിൽ തിക്കിയും തിരക്കിയും ഞെരിഞ്ഞമർന്ന് അവൾ ട്രെയിനിൽ കയറി പറ്റി. കാല് നിലത്ത് കുത്താൻ പറ്റാത്ത പോലെ തിരക്ക്. ആ കമ്പാർട്ടുമെന്റിൽ രണ്ടോ മൂന്നോ മലയാളികൾ ഒഴിച്ച് ബാക്കിയെല്ലാവരും അന്യസംസ്ഥാന തൊഴിലാളികൾ. അവരുടെ ഇടയിൽ ശ്വാസം മുട്ടി അവളും. അവർ അടുത്തു വരുമ്പോഴുള്ള എണ്ണയുടെ സ്മെൽ ട്രെയിൻ കമ്പാർട്ടുമെന്റിൽ നിറഞ്ഞു നിന്നു. അത് മൂക്കിൽ കുത്തിക്കയറുന്ന പോലെ അവൾക്ക് അനുഭവപ്പെട്ടു. അവൾക്കാകെ നീരസം തോന്നി. ആകെ അരോചകപ്പെടുത്തുന്ന ശബ്ദവും. അവൾ ഡോർസൈഡിൽ നിന്ന് പതിയെ തിങ്ങി ഞെരുങ്ങി അകത്തേക്ക് കയറിനിന്നു. അപ്പോൾ തെട്ടു പിറകെ നിന്ന് ഒരു വിളി.

"മോളെ ഒന്ന് കുറച്ചു കൂടി മുന്നോട്ട് കയറി നിൽക്കാമോ?"

ആ ശബ്ദം കേട്ട് അവൾ പതിയെ പിറകോട്ടു തിരിഞ്ഞു നോക്കി. അവൾ ഒന്നു ഞെട്ടിത്തരിച്ചു. ഇത് അയാൾ തന്നെ ഞാൻ സ്ഥിരം കാണാറുള്ള അയാൾ.

അവൾ ഒന്നാലോചിച്ചിട്ട് മനസ്സിൽ പറഞ്ഞു. "ഈ തിരക്കിനിടക്ക് എവിടെ കയറി നിൽക്കാനാ ഇയാൾക്കെന്താ കണ്ണു കണ്ടു കൂടെ." അങ്ങനെ മനസ്സിൽ പറഞ്ഞിട്ട് അവൾ പതിയെ മുന്നോട്ട് കയറാൻ പരമാവതി ശ്രമിച്ചു. അവളുടെ പരിശ്രമം പാഴായി. അവൾ അവിടെത്തന്നെ നിലയുറപ്പിച്ചു. എങ്ങനെയെങ്കിലും തൃശൂർ എത്തിയിരുന്നെങ്കിൽ എന്ന് അവൾ മനസ്സിൽ പിറു പിറുത്തുകൊണ്ടിരുന്നു. ഈ തിരക്കിനിടയിൽ ജോലിക്ക് പോകാതിരിക്കാനും പറ്റാത്ത അവസ്ഥ.

അയാൾ അവളെ കണ്ടിട്ട് മുഖത്തേക്കൊന്ന് നോക്കുക പോലും ചെയ്യാതെ ഒറ്റ നിൽപ്പു തന്നെ നിന്നു. തെട്ടടുത്ത് നിന്ന് അന്യസംസ്താന തൊഴിലാളികളിലൊരാൾ ഫോണിൽ എന്തൊക്കെയൊ പുലമ്പിക്കൊണ്ട് നിൽക്കുന്നു. അത് അവളെ ആരോചകപ്പെടുത്തിക്കൊണ്ടിരുന്നു. ഇടക്കിടയ്ക്ക് അവൾ അയാളുടെ മുഖത്തേക്ക് തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു. പക്ഷേ അയാൾ അതൊന്നും ശ്രദ്ധിക്കാതെ ഫോണിൽ മുഖം പൂഴ്ത്തി എന്തൊക്കെയോ ചികഞ്ഞുകൊണ്ടിരുന്നു. അടുത്ത രണ്ട് സ്റ്റേഷ്ൻ കഴിഞ്ഞപ്പോൾ ട്രെയിൻ നിറുത്തി. ആളുകൾ കയറാൻ തിരക്ക് കൂട്ടുന്നു. പകുതിയോളം തൊഴിലാളികൾ അവിടെയിറങ്ങി. കുറച്ചു തൊഴിലാളികൾ അവിടെ നിന്ന് കയറുകയും ചെയ്തു. അപ്പോൾ അവൾക്കും അയാൾക്കും അവിടെ ഇരിക്കാൻ സീറ്റ് കിട്ടി. അവളുടെ തൊട്ടു മുന്നിലെത്തെ സീറ്റിൽ അയാളും ഇരുന്നു.

അവൾ ഒന്നു ദീർഘശ്വാസം വിട്ടുകൊണ്ട് മനസ്സിൽ പറഞ്ഞു. "ആവൂ, മനസ്സിനൊരു ആശ്വാസമായി."

അപ്പോഴേക്കും ചായ്.. ചായ്... എന്നുള്ള വിളിയുടെ ശബ്ദം. അവളുടെ കാതിൽ മുഴങ്ങി കേട്ടു. അവൾ വിൻഡോ സൈഡിൽ നിന്നും പുറത്തേക്ക് നോക്കി ചായക്കാരനെ അടുത്തേക്ക് വിളിച്ചു. ഒരു ഗ്ലാസ് ചായ വാങ്ങിച്ചു. അതിന്റ പൈസയും കൊടുത്തു. ചൂട് ചായ പതിയെ ഊതി ഊതി കുടിച്ചു. അതിനിടയിൽ അവൾ ഇടക്കിടയ്ക്ക് അയാളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

അടുത്ത രണ്ടു മുന്ന് സ്റ്റേഷൻ എത്തിയപ്പോൾ ടി ടി ആർ ആ കമ്പാർട്ടുമെൻറിൽ കയറുകയും അവരുടെ അടുത്ത് വന്ന് ടിക്കറ്റ് പരിശോധിക്കുകയും ചെയ്തു. കൂടെ ഉണ്ടായിരുന്ന പത്തോളം തൊഴിലാളികളെ ടിക്കറ്റില്ലാത്തതി

ന്റെ പേരിൽ പിഴ ഈടാക്കുകയും അടുത്ത സ്റ്റേഷനിൽ ഇറക്കിവിടുകയും ചെയ്തു. അപ്പോഴാണ് അയാൾ അവളുടെ മുഖത്തേക്കൊന്ന് നോക്കിയത്. അവരുടെ രണ്ടു പേരുടേയും കണ്ണുകൾ ഉടക്കി. അയാൾ ഒരു ചെറു പുഞ്ചിരി പാസ്സാക്കി വീണ്ടും ഫോണിൽ മുഖം പൂഴ്ത്തി. മുഖത്ത് ഒരു കണ്ണടയും തോളിൽ ഒരു ബാഗും. കണ്ടാൽ ഒരു നല്ല അറിവുള്ള ആളെപ്പോലെ തോന്നിക്കും. അവൾ സീറ്റിലിരുന്നുകൊണ്ട് ഇടക്കിടയ്ക്ക് അയാളെ നോക്കുന്നുണ്ടായിരുന്നു.

എങ്ങനെ ഒന്ന് പരിചയപ്പെടും. എങ്ങനെ തുടങ്ങണം എന്ന് ഒരു പിടിയും കിട്ടുന്നില്ല. അല്ലേൽ വേണ്ട പിന്നീടാകാം. അവൾ മനസ്സിൽ പറഞ്ഞു.

അങ്ങനെ തൃശൂർ എത്തുന്നതിന് രണ്ടു സ്റ്റോപ്പ് മുന്നേ അയാൾ ഇറങ്ങി. തൃശൂർ എത്തിയപ്പോൾ അവളും. പോകുന്ന വഴിക്കൊക്കെ അവൾക്ക് അയാളെക്കുറിച്ചുള്ള ചിന്ത മാത്രമെ ഉണ്ടായിരുന്നുള്ളു. അയാൾ ആരായിരിക്കും. എന്തായിരിക്കും അയാളുടെ ജോലി. അവൾ ജോലി സ്ഥലത്ത് എത്തി പല ചിന്തയിൽ മുഴുകി.

ജോലി കഴിഞ്ഞ് തിരിച്ച് വിട്ടിൽ എത്തിയപ്പോൾ സമയം 6.30 കഴിഞ്ഞു. എന്നും അവൾ ഈ സമയത്താണ് വീട്ടിൽ എത്താറുള്ളു. വീട്ടിൽ വന്ന് കുളി കഴിഞ്ഞ് ഭക്ഷണം കഴിച്ചിട്ട് ബെഡിൽ പോയി കിടന്നിട്ട് അവൾ പലതും ആലോചിച്ചു.

നാളെ അയാളെക്കുറിച്ച് കൂടുതലായിട്ട് അറിയാൻ പറ്റിയിരുന്നെങ്കിൽ. അങ്ങനെ പലതും അലോചിച്ച് അവൾ മയക്കത്തിലേക്ക് വീണു. നേരം വെളുത്ത് പതിവു പോലെ തന്നെ റെയിൽവേസ്റ്റേഷനിൽ സ്ഥിരം കാണാറുള്ള സ്ഥലത്ത് വെച്ച് അയാളെ കാണാൻ ഇടയായി. അയാൾ കണ്ട ഭാവം പോലും നടിച്ചില്ല. അയാൾ പല ചിന്തയിൽ മുഴുകി ഒന്നാമത്തെ പ്ലാറ്റ്ഫോം ലക്ഷ്യമാക്കി നടന്നു.

ട്രെയിൻ വരാൻ സമയമായി. അതിന് മുന്നേയുള്ള ട്രെയിന്റെ ചൂളം വിളി അങ്ങകലെ നിന്ന് കേൾക്കാം. അയാൾ നേരെ ഒന്നാമത്തെ പ്ലാറ്റ് ഫോമിൽ കോച്ച് നമ്പർ പതിനൊന്നിൽ നിലയുറപ്പിച്ചു. അടുത്ത് തന്നെ അവളും.

അപ്പോൾ ഉച്ചത്തിൽ മുഴങ്ങി കേൾക്കാറുള്ള ആ മധുര ശബ്ദം പ്ലാറ്റ്ഫോമിൽ മുഴങ്ങി കേട്ടു. യാത്രക്കാരുടെ ശ്രദ്ധയ്ക്ക് ട്രെയിൻ നമ്പർ16345 ലോകമാന്യ തിലക് മംഗലാപുരത്തുനിന്ന് ആലപ്പുഴ വഴി തിരുവനന്തപുരം വഴി പോകുന്ന മംഗലാപുരം തിരുവനന്തപുരം നേത്രാവതി എക്സ്പ്രസ് ഒന്നാമത്തെ പ്ലാറ്റ് ഫോമിൽ എത്തിച്ചേരുന്നു. മനസ്സിന് കുളിര് കോരുന്ന ശബ്ദം. കുറച്ചുനേരം ആ ശബ്ദം കേട്ടവൾ നിന്നു.

അല്പസമയത്തിനുശേഷം ട്രെയിൻ ഒന്നാമത്തെ പ്ലാറ്റ്ഫോമിൽ വന്നു നിന്നു. അങ്ങനെ അവൾ തിരക്കൊഴിഞ്ഞ കമ്പാർട്ട്മെന്റിൽ കയറിപ്പറ്റി. അന്നത്തേപോലെ തിരക്ക് കുറവായതിനാൽ അവൾക്കിരിക്കാൻ വിൻഡോ സൈസിൽ സീറ്റ് കിട്ടി.

“ഓ... ആശ്വാസമായി.” ഒന്ന് നെടുവീർപ്പിട്ടുകൊണ്ട് അവൾ പറഞ്ഞു.

ട്രെയിനിന്റെ ഉച്ചത്തിലുള്ള ഹോണടി ശബ്ദം മുഴങ്ങി. ട്രെയിൻ മുന്നോട്ടെടുത്തു. ടെയിൻ പതിയെ മുന്നോട്ട് നീങ്ങി.. പതിയെ പതിയെ വേഗത കൂടി. പാളത്തിൽ വീലുളുരുമ്പോൾ ഉള്ള കട കട ശബ്ദം കാതിൽ മുഴങ്ങിക്കേട്ടു കൊണ്ടിരുന്നു. അവൾ പതിവു പോലെ ആ തിരക്കിനിടയിൽ അയാളെ തിരഞ്ഞു. പക്ഷേ അവളുടെ പരിശ്രമം വിഫലമായി. അയാൾ കയറിയത് വേറെ ബോഗിയിലായിരിക്കും എന്നവൾ മനസ്സിൽ ശങ്കിച്ചു. അവൾ അങ്ങനെ ചിന്തിച്ച് തിരിഞ്ഞു നോക്കിയത് അയാളുടെ മുഖത്തേക്ക്. എന്നും പോലെ ഒരു പുഞ്ചിരി സമ്മാനിച്ചു. പക്ഷേ... അയാൾ അത് മൈൻഡ് ചെയ്തില്ല.

കുറച്ചു കഴിഞ്ഞപ്പോൾ അയാൾ ബാഗിൽ നിന്നും ഒരു പുസ്തകമെടുത്ത് മറിച്ചിട്ട് അതിൽ ഏതോ ഭാഗം എടുത്ത് ആ തിരക്കിനിടയിൽ വായനയിൽ മുഴുകി.

എന്തായിരിക്കുവോ അയാളുടെ മനസ്സിൽ അതോർത്ത് അവൾ കുറച്ചു നേരം ആലോചനയിൽ മുഴുകി. അയാൾ നിന്ന് പുസ്തകം ഇത്ര തിരക്കിട്ട് വായിക്കുന്നതു കണ്ട് അവൾക്ക് ആകാംക്ഷയായി. അവൾ പതിയെ ഇരുന്ന സീറ്റിൽ നിന്നും എഴുന്നേറ്റ് അയാളോട് പറഞ്ഞു

“മാഷേ നിങ്ങൾ ഇവിടെ ഇരുന്നു വായിച്ചോ.?”

“ഓ... വേണ്ട ഞാനിവിടെ നിന്നോളാം.” അയാൾ ചെറുതായി പുഞ്ചിരിച്ചിട്ടു മറുപടി പറഞ്ഞു.

“ഒരു ഉപകാരം ചെയ്തപ്പോ അതു തിരസ്ക്കരിക്കുന്നോ? ഇവിടെ ഇരിക്കു മാഷേ.”

അവളുടെ നിർബന്ധത്തിനു വഴങ്ങി അയാൾ ആ സീറ്റിൽ ഇരുന്നു. എന്നിട്ട് അവളുടെ മുഖത്തു നോക്കി ചെറു പുഞ്ചിരിയോടെ പറഞ്ഞു.

“ടാങ്ക്സ്.”

“ഓ.. അതൊന്നും വേണ്ട”

“ഉം.. ” അയാൾ മൂളി.

അപ്പോൾ അവളുടെ ചോദ്യം. “നിങ്ങളുടെ പേര്?”

“സുബ്രഹ്മണ്യൻ.”

അപ്പോൾ അയാളുടെ മറുചോദ്യം. “നിങ്ങളുടെ പേരെന്താണ്?”

“പ്രാർത്ഥന.”

“ഓ. .നൈസ് നെയിം.”

“താങ്ക്യൂ.”

“നിങ്ങൾ എന്തു ചെയ്യുന്നു.”

“ഞാൻ **KKT** ഗ്രൂപ്പിൽ അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്നു.”
“ഓക്കേ.”
“നിങ്ങൾ എവിടേക്കാ.”
“കോളേജിലേക്ക്.”
“ഏത് കോളേജ്?”
“പാറമേക്കാവ് കോളേജ്.”
“അവിടെ എന്തായിട്ടാ.”
“അദ്ധ്യാപകനാ.”
“ഡിപ്പാർട്ട്മെന്റ്.”
“**MA** മലയാളം.”

അവൾക്കാശ്ചര്യം കൂടി. എല്ലാം വിശദമായി ചോദിച്ചറിഞ്ഞു. അവരുടെ സംസാരം തുടർന്നു. പുങ്കുന്നം എത്തുന്നത് വരെ അവർ രണ്ടുപേരും സംസാരിച്ചു കൊണ്ടേയിരുന്നു. അങ്ങനെ പലദിവസങ്ങളിലായി രാവിലെയും വൈകിട്ടുമായി അവർ കണ്ടു മുട്ടി. പല കാര്യങ്ങൾ അവർ സംസാരിച്ചു. അങ്ങനെ അയാൾ കുറച്ചു പുസ്തകങ്ങൾ അവൾക്ക് വായിക്കാനായി കൊടുത്തു.

അങ്ങനെ അയാളിൽ നിന്ന് അവൾക്ക് നല്ല നല്ല പുസ്തകങ്ങളെക്കുറിച്ചു കൂടുതലായി അറിയാൻ സാധിച്ചു അയാൾ ഒരു ബുദ്ധിജീവിയായിരുന്നു. അയാളുടെ ഓരോ സംസാരവും അവളിൽ അയാളോടുള്ള ആരാധന കൂടി. പിന്നെ അവൾക്ക് അയാളോട് പ്രണയമായി. അങ്ങനെ ഓരോ ദിവസം ചെല്ലുന്തോറും അവൾക്ക് അയാളോടുള്ള ഇഷ്ടം ക്രമേണ വർധിച്ചു. ആ ഇഷ്ടം പറയാൻ അവൾ മടിച്ചു. അങ്ങനെ പറഞ്ഞാൽ അവളെക്കുറിച്ച് അയാൾ എന്ത് വിചാരിക്കും എന്നായിരുന്നു അവളുടെ പേടി. അയാൾ കൊടുത്ത പുസ്തകം അവൾ ഉറക്കം വരുന്നതു വരെ വായിക്കും. ഉറക്കം വരുമ്പോൾ ആ പുസ്തകം നെഞ്ചോടു ചേർത്തുപിടിച്ചാണ് അവൾ കിടന്നിരുന്നത്. ആ പുസ്തകം വായിക്കുമ്പോൾ അയാൾ അടുത്തു വരുമ്പോഴുള്ള പെർഫ്യൂമിന്റെ വാസന അവൾ ആസ്വദിച്ചിരുന്നു.

പിന്നീട് അവർ ഒരുമിച്ചായിരുന്നു ജോലിസ്ഥലത്തേക്കുള്ള യാത്ര. അങ്ങനെ ചിരിച്ചും ചിരിപ്പിച്ചും അവൾ അയാളുടെ സ്നേഹം പതിയെ പിടിച്ചു പറ്റി. അയാളോടുള്ള ഇഷ്ടം തുറന്നു പറയാൻ അവൾ മടിച്ചു. ഇന്ന് ജോലി കഴിഞ്ഞു വരുമ്പോൾ എന്തായാലും അയാളോടുള്ള ഇഷ്ടം തുറന്നു പറയണം എന്ന് അവൾ തീരുമാനിച്ചു. അയാൾക്ക് കൊടുക്കാനുള്ള ഏറ്റവും നല്ല പുസ്തകവും അടുത്തുള്ള ബുക്ക്സ്റ്റാളിൽ നിന്ന് അവൾ സെലക്ട് ചെതു. അന്നു വൈകിട്ട് അവൾ പതിവു പോലെ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങി. അവൾ ചുറ്റും നോക്കി. പതിവു പോലെ അയാളെ കാണാനുള്ള ആക്കാംക്ഷയായി. അവൾ വാങ്ങിയ പുസ്തകം അയാൾക്ക് കൊടുത്തിട്ട് തന്റെ ഇഷ്ടം തുറന്നു പറയാനായി പ്ലാറ്റ്ഫോമിലൂടെ അയാളെ തിരഞ്ഞ് അവൾ നടന്നു നീങ്ങി. കുറച്ച് മുന്നോട്ട് നടന്നപ്പോൾ അളുകൾ കൂട്ടം കൂടി നിൽക്കുന്നു. തൊട്ടടുത്തായി പോലീസുകാരും നിൽപ്പുണ്ടണ്ട്. അവൾ അടുത്ത് ചെന്ന് കാര്യം തിരക്കി. റെയിൽവേ പാളത്തിനു അരികെ ഒരാളെ വെള്ളത്തുണിയിൽ മൂടിയിട്ടിരിക്കുന്നു. അവൾ ചുറ്റും നിന്നവരോട് കാര്യം തിരക്കി.

“ആരാണ് എന്താണ് സംഭവിച്ചത്.”

കൂട്ടത്തിൽ നിന്നയാൾ മറുപടി പറഞ്ഞു. “ആരാണെന്നറിയില്ല ടെയിൻ തട്ടി മരിച്ചതാ.”

അപ്പോഴേക്കും പോലീസ് വന്ന് അയാളെ സ്ട്രക്ചറിൽ എടുത്തു കൊണ്ടുപോയിരുന്നു. പോകുന്ന വഴിക്ക് അയാളെ പുതപ്പിച്ചിരുന്ന വെള്ള തുണി പതിയെ കാറ്റത്ത് മുഖത്തുനിന്ന് പറന്നു മാറി. അത് കുറച്ചകലെ നിന്നവൾ കണ്ടു. അതു കണ്ട് അവൾ അടുത്തേക്കോടി. അപ്പോഴേക്കും മുതദേഹം ആംബുലൻസിൽ കയറ്റിയിരുന്നു. ആ സ്ട്രക്ചറിൽ കൊണ്ടുപോകുന്നയാൾ സുബ്രമണ്യനാണെന്ന് അവൾ ഉറപ്പിച്ചു. അവൾ അടുത്തെത്തിക്കഴിഞ്ഞപ്പോഴേക്കും അയാളുടെ ചിന്നിച്ചിതറിയ ശരീരവുമായി ആംബുലൻസ് പോയിരുന്നു. അവൾ അയാൾക്കു കെടുക്കാനുള്ള പുസ്തകം മാറോട് ചേർത്തുപിടിച്ച് പ്ലാറ്റ്ഫോമിലെ ബെഞ്ചിലിരുന്ന് ഒരു ഭ്രാന്തിയെപ്പോലെ അലമുറയിട്ടു കരഞ്ഞു

ബിനോ സേവ്യർ

# കവിത: അവസാന ചോദ്യം

വീട്ടിൽ കയറിച്ചെല്ലുമ്പോൾ അപ്പൻ ഉമ്മറപ്പടിയിൽ ചാരുകസേരയിൽ
കാലുകൾ തിണ്ണയിൽ  കയറ്റിവെച്ച് ഉറങ്ങുന്നുണ്ട്.
മുറ്റത്ത് അങ്ങുമിങ്ങും മുറുക്കി തുപ്പിയ പാടുകൾ.
പതിവു കാഴ്ചയായതുകൊണ്ട് ഞാനത് ശ്രദ്ധിക്കാനേ പോയില്ല.

ഞാൻ അകത്തേക്കു നടന്നു. അകത്ത് ഫാൻ ഇപ്പോ നിൽക്കും എന്ന മട്ടിൽ
തേങ്ങി തേങ്ങി കരകരാ ശബ്ദം പുറപ്പെടുവിക്കുന്നു.

ഒന്നും നോക്കാതെ നേരെ അടുക്കളയിലേക്ക്.
അവിടെ മൂടി വെച്ച കഞ്ഞിക്കലം തുറന്നു നോക്കി.

അത് ശൂന്യം..

കലത്തിൽ അഞ്ചാറു വറ്റുകൾ എന്നെ നോക്കി മുഖം ചുളിക്കുന്നു.
വയറ് വിശപ്പിനാൽ മുറവിളി കൂട്ടുന്നു.

അടുക്കളയിൽ അനക്കം കേൾക്കാൻ കാത്തു കിടക്കുന്ന പൂച്ചകൾ
കാലിൽ മുട്ടിയുരുമ്മി തീറ്റക്കായ് സ്നേഹപ്രകടനം.

ദേഷ്യം പൂണ്ട് അപ്പനോട് കാര്യം തിരക്കാൻ ഉമ്മറത്തേക്ക്.
കോലായിൽ ചാരു കസേരയിൽ നീണ്ടു നിവർന്നു കിടക്കുന്ന അപ്പൻ.

ഒന്ന് കയർത്തു ചോദിച്ചു. ഒന്നും കലത്തിലില്ല...
കലി പൂണ്ട് ആ ദേഷ്യം മനസ്സിൽ പറഞ്ഞു തീർത്തു.

അടുത്ത് നിന്ന് അപ്പനെ തട്ടി വിളിച്ചു.
പ്രത്യേകിച്ച് മറുപടിയൊന്നും കിട്ടിയില്ല.

ബീഡിക്കറ പുരണ്ട ചുണ്ടിൽ പതിവു പോലെ
കൂർക്കം വലിയുടെ പിടപ്പ് കണ്ടില്ല.
തിണ്ണയിൽ പാതി കത്തിയമർന്ന ബീഡി കുറ്റിയിൽ
അവസാന പുകയും ഉയർന്നു.

ബിനോ സേവ്യർ